# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2289 21-01-2021 ലെ മറുപടിക്ക്

ചോദ്യം
ശ്രീ. അനിൽ അക്കര

മറുപടി
ഡോ. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും
വകുപ്പ് മന്ത്രി

## വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും നടപടി

**(എ)** ഈ സർക്കാരിന്റെ കാലത്ത് റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വളരെയധികം കൂടിയിട്ടുണ്ടോ ; വിശദമാക്കുമോ;

ഈ സർക്കാരിന്റെ കാലത്തെ റവന്യൂ വരുമാനവും ചെലവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

*(തുക കോടിയിൽ)*

| സാമ്പത്തിക വർഷം | റവന്യൂ വരുമാനം | റവന്യൂ ചെലവ് |
|---|---|---|
| 2016-17 | 75611.72 | 91096.31 |
| 2017-18 | 83020.14 | 99948.35 |
| 2018-19 | 92854.47 | 110316.39 |
| 2019-20 | 90224.67 | 104719.92 |
| 2020-21* | 52057.09 | 75214.51 |

**അക്കൗണ്ടന്റ് ജനറലിന്റെ 2020 നവംബർ മാസം വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം.*

**(ബി)** സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉയർത്തുന്നതിനും ചെലവ് കുറയ്ക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

**(സി)** ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും കൂടുതൽ കർശന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വേണ്ടി പ്രധാനമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടേയും റവന്യൂ മന്ത്രിയുടേയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
3. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള ആകർഷകമായ ആംനസ്റ്റി പദ്ധതികൾ നടപ്പിൽ വരുത്തി.

ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുക, കൂടുതൽ സേവനദാതാക്കളെ ജി.എസ്.ടി രജിസ്ട്രേഷന് കീഴിൽ കൊണ്ടു വരിക, ജി.എസ്.ടി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയിലൂടെ ചരക്ക് സേവന നികുതി വരുമാനം/ വാറ്റ് ഗണ്യമായി ഉയർത്താനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി-നികുതിയേതര സ്രോതസ്സുകളിൽ നിന്നുള്ള

| | | |
|---|---|---|
| | | വരുമാനം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന വിഭവസമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദസമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ അനാവശ്യച്ചെലവുകൾ കുറച്ചും നികുതി പിരിവുകൾ കാര്യക്ഷമമാക്കിയും സംസ്ഥാനത്തിന്റെ ധനസ്ഥിതി സന്തുലിതമാക്കുന്നതിനും കാര്യക്ഷമമായ ഇടപെടലുകൾ സർക്കാർ നടപ്പിലാക്കി വരുന്നു. |

Sajeela

**അക്കൗണ്ട്സ് ഓഫീസർ**